# Risperidone

പേര് (Generic) : റിസ്പെരിഡോൺ (Risperidone)

Common Brand Names : Risnia, Sizodon, Sycodon

General category: Antipsychotic

ചരിത്രം :

1994 മുതൽ ലോകവ്യാപകമായി ഉപയോഗിച്ചുവരുന്നു. ചില പാർശ്വഫലങ്ങൾ ഈ ഗ്രൂപ്പിലെ മറ്റു മരുന്നുകളെക്കാൾ കുറവാണ്. രോഗശാന്തി നൽകാനുള്ള കഴിവ് ഈ ഗ്രൂപിലെ മറ്റു മരുന്നുകളെപ്പോലെ തന്നെ. 2003 മുതൽ ഈ മരുന്ന് ജെനെറിക് ആയി ലഭ്യമാണ്. നിരവധി കമ്പനികൾ ഇത് വ്യത്യസ്ത പേരുകളിൽ മാർക്കറ്റിൽ ലഭ്യമാക്കുന്നു .

പ്രധാന ഉപയോഗം എന്താണ് ?

മാനസിക രോഗചികിത്സ.

അയഥാർത്ഥ ചിന്തകളും അനുഭവങ്ങളും കുറക്കുന്നു. പെരുമാറ്റവും പ്രവർത്തികളും സാധാരണ നിലയിലാക്കാൻ സഹായിക്കുന്നു.

എങ്ങനെയാണ് ഈ മരുന്ന് പ്രവർത്തിക്കുന്നത് ?

മരുന്ന് രക്തത്തിലൂടെ തലച്ചോറിൽ എത്തുന്നു. ചിന്തകളുടേയും വികാരങ്ങളുടേയും പ്രവർത്തികളുടേയും അടിസ്ഥാനമായ തലച്ചോറിലെ സർക്യൂട്ടുകളിൽ മരുന്ന് മാറ്റങ്ങൾ വരുത്തുന്നു. ഈ മാറ്റങ്ങൾ മനസികാവസ്ഥയെ സാധാരണ നിലയിലാക്കാൻ സഹായിക്കുന്നു.

കഴിക്കും മുൻപ് നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഈ മരുന്നു കഴിച്ച് എന്തെങ്കിലും അലർജിയോ കഠിനമായ പാർശ്വഫലങ്ങളോ പണ്ടുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം ഡോക്ടറോട് പറയണം. ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും ഇക്കാര്യം ഡോക്ടറെ ഓർമ്മപ്പെടുത്തണം. ഹൃദയ രോഗങ്ങൾ ഉള്ളവർ ഇക്കാര്യം ചർച്ച ചെയ്യണം. പ്രായമായവരിലും, കരൾ, വൃക്ക തുടങ്ങിയവയുടെ പ്രവർത്തനം തകരാറിലായവരിലും അളവ് കുറക്കേണ്ടി വരുമെന്ന് ഓർമിക്കണം .

© Institute for Mind and Brain (Inmind), Thrissur: 04884239000.

## ഈ മരുന്ന് നിർദ്ദേശിക്കുന്നതിനു മുൻപേ നിങ്ങളുടെ ഡോക്ടർ എന്തൊക്കെ വിലയിരുത്തും ?

നിങ്ങളുടെ ശാരീരിക ആരോഗ്യം ഡോക്ടർ വിലയിരുത്തും. നിങ്ങൾ കഴിക്കുന്ന മറ്റു മരുന്നുകളും ഡോക്ടർ വിശകലനം ചെയ്യും. ഹൃദ്രോഗം ഉള്ളവരിലും, കരൾ, വൃക്ക എന്നിവയുടെ രോഗങ്ങൾ ഉള്ളവരിലും മരുന്നു തുടങ്ങുന്നതിനു മുൻപേ പ്രത്യേക പരിശോധനകൾ ആവശ്യമായി വരാം. രക്താണുക്കൾ (Complete blood count), വൃക്കയുടെ പ്രവർത്തനം (Renal function tests), കരളിന്റെ പ്രവർത്തനം ( Liver function tests), ECG എന്നിവ പരിശോധിക്കേണ്ടി വന്നേക്കാം.

## ഈ മരുന്ന് കഴിക്കാൻ തുടങ്ങുന്നത് ഒട്ടും അഭികാമ്യമല്ലാത്തതു എപ്പോൾ?

1. മരുന്നിനോട് പ്രത്യേക അലർജിയുണ്ടെങ്കിൽ.
2. കരളിന്റെയോ വൃക്കയുടെയോ പ്രവർത്തനത്തിൽ കാര്യമായ തകരാർ ഉണ്ടെങ്കിൽ.

## മരുന്നിന്റെ ഡോസ് എങ്ങനെയാണ് ?

ഗുളികയാണെങ്കിൽ, ദിവസേന 2mg മുതൽ 6mg വരെയാണ് സാധാരണ ഡോസ്. പരമാവധി, ദിവസം 16 mg വരെ നൽകാം. കുട്ടികളിൽ ഉപയോഗിക്കുകയാണെങ്കിൽ ചെറിയ അളവിൽ തുടങ്ങണം. വളരെ പ്രായമായവരിലും അളവ് കുറക്കേണ്ടി വരാം. വേണ്ടത്രയളവിൽ ഒരുമാസം കഴിച്ചിട്ടും ഗുണം കാണുന്നില്ലെങ്കിൽ മരുന്ന് മാറ്റേണ്ടി വരാം.

ഇത് ദീർഘകാല കുത്തിവെപ്പ് രൂപത്തിൽ ലഭ്യമാണ് . രണ്ടാഴ്ച കൂടുമ്പോൾ ഒരു കുത്തിവെപ്പ് എന്നതാണ് സാധാരണ രീതി. 25mg മുതൽ 50mg വരെയാണ് കുത്തിവെപ്പിനുള്ള ഡോസ് . ദീർഘകാല കുത്തിവെപ്പ് തുടങ്ങുമ്പോൾ ആദ്യത്തെ 6 ആഴ്ച ഗുളിക തുടരേണ്ടി വരും .

## ഈ മരുന്ന് ഏതെല്ലാം രൂപത്തിൽ ലഭ്യമാണ് ?

ഗുളിക രൂപത്തിലാണ് സാധാരണ ലഭിക്കാറുള്ളത്. കൂടാതെ മാസത്തിൽ ഒരിക്കൽ മാത്രം എടുക്കുന്ന ദീർഘകാല ഇൻജെക്ഷൻ രൂപത്തിലും, ദ്രാവകരൂപത്തിലും ലഭ്യമാണ്.

## സാധാരണ കഴിക്കുന്ന രീതി എന്താണ് ?

ഒരു നേരമോ രണ്ടു നേരമോ ആയി കഴിക്കാം. ഭക്ഷണത്തിന്റെ കൂടെയോ അല്ലാതെയോ കഴിക്കാം.

## സാധാരണ പാർശ്വഫലങ്ങൾ എന്തൊക്കെ ?

പലപ്പോഴും യാതൊരു വിധ പ്രശ്നങ്ങളും ഉണ്ടാകാറില്ല. വലിയ ഡോസ് കഴിക്കുമ്പോൾ പ്രശ്ന സാധ്യത കൂടുതലാണ്. ക്ഷീണം, വിറയൽ, തലകറക്കം ,മലബന്ധം , മന്ദത, വിശപ്പ് കൂടുക , ശരീരഭാരം വർധിക്കുക , ഉറക്കം കൂടുക, എന്നിവ ഉണ്ടായേക്കാം .വളരെ അപൂർവമായി കരൾ പ്രവർത്തനത്തിൽ ചില അപാകതകൾ ഉണ്ടാക്കാം. കുത്തിവെപ്പ്

© Institute for Mind and Brain (Inmind), Thrissur: 04884239000.

ഉപയോഗിക്കുമ്പോൾ ബ്ലഡ് പ്രഷർ താഴോട്ടു പോകുന്നുണ്ടോ എന്ന് നോക്കണം . കുത്തിവെപ്പ് കഴിഞ്ഞാൽ ഒരു മണിക്കൂർ എങ്കിലും രോഗി കിടക്കുന്നതാണ് നല്ലത്.

## ഡോക്ടറെ ഉടൻ അറിയിക്കേണ്ട സന്ദർഭങ്ങൾ എന്തൊക്കെ ?

1. ശാരീരികമായ കടുത്ത അസ്വസ്ഥതകൾ .
2. പനി, കടുത്ത മസ്സിൽ ബലംപിടുത്തം, വിയർപ്പ്, വർധിക്കുന്ന ആശയക്കുഴപ്പം.
3. മസ്സിൽ ബലംപിടുത്തവും കഴുത്ത് കണ്ണ് എന്നിവ കോടലും .
4. മരുന്ന് തുടങ്ങി അധികം കഴിയാതെ കടുത്ത ചൊറിച്ചിൽ, വായക്ക് അകവും പുറവും തൊലി ചുവന്നുവരിക, തൊലി പൊട്ടുക തുടങ്ങിയവ കണ്ടാൽ ഉടൻ ഡോക്ടറെ കാണുക. ഇത് മരുന്നിനോടുള്ള അലർജി ആവാം.

## സാധാരണ പാർശ്വഫലങ്ങൾ കണ്ടാൽ എന്ത് ചെയ്യണം ?

മരുന്ന് തുടങ്ങുമ്പോൾ തലകറക്കം ഉണ്ടാകാം. കിടക്കുന്നിടത്തുനിന്നും ഇരിക്കുന്നിടത്തുനിന്നും എഴുനേൽക്കുമ്പോൾ സാവധാനം ചെയ്യുക.സാധാരണയായി കാണുന്നവ ( ക്ഷീണം , തലകറക്കം, ഉറക്കക്കൂടുതൽ ) കുറച്ചു ദിവസങ്ങൾക്കുള്ളിൽ കുറയുകയും അപ്രത്യക്ഷമാവുകയും ചെയ്യും. ശരീരം മരുന്നിനോട് പൊരുത്തപെടുവാൻ ചിലപ്പോൾ കുറച്ചു ദിവസങ്ങൾ എടുത്തേക്കാം. അങ്ങനെ കുറയുന്നില്ല എങ്കിൽ ചിലപ്പോൾ ഡോസ് കുറക്കേണ്ടി വരും. ചിലപ്പോൾ അനുഭവപെടുന്ന പ്രയാസങ്ങൾ മാനസിക പ്രശ്നത്തിന്റെ തന്നെ ഭാഗമാണോ എന്നും നോക്കണം .

തുടർച്ചയായി ബുദ്ധിമുട്ടുണ്ടാക്കുന്ന പാർശ്വഫലങ്ങളും കടുത്ത തോതിലുള്ളവയും ഡോക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരണം. മസ്സിൽ ബലംപിടുത്തം, വിറയൽ എന്നിവ വന്നാൽ ഡോക്ടറുടെ ശ്രദ്ധയിൽപ്പെടുത്തണം. അത്തരം പ്രശ്നങ്ങൾ ഇല്ലാതാക്കാനുള്ള മരുന്ന് ഡോക്ടർ നൽകുന്നതായിരിക്കും. അത്തരം പ്രശ്നങ്ങൾ ഒരിക്കൽ ഉണ്ടായാൽ പിന്നെയും വരാതിരിക്കാൻ ഈ മരുന്ന് കഴിക്കേണ്ടിവരും.

## ഗർഭിണികൾക്ക് കഴിക്കാമോ ?

മരുന്നു കഴിക്കാതിരുന്നാൽ മാനസികരോഗം കൂടുകയും അത് ജനിക്കാനിരിക്കുന്ന കുഞ്ഞിനെ ദോഷകരമായി ബാധിക്കുകയും ചെയ്യാം. മരുന്ന് കഴിച്ചാലുള്ള ഗുണങ്ങളും ദോഷങ്ങളും ഡോക്ടറുമായി സംസാരിച്ചു തീരുമാനം എടുക്കുക. ഗുണകരമായ കാര്യങ്ങൾ ഉണ്ടെങ്കിൽ കഴിക്കുക .

## പാലൂട്ടുന്ന അമ്മമാർക്ക് കഴിക്കാമോ?

പാലിൽ ഈ മരുന്ന് വളരെ ചെറിയതോതിൽ വന്നേക്കാം. കഴിക്കുന്നത് കൊണ്ടുള്ള ഗുണങ്ങൾ കൂടുതൽ എങ്കിൽ ഡോക്ടറുടെ നിർദേശം അനുസരിച്ച് കഴിക്കുക.

© Institute for Mind and Brain (Inmind), Thrissur: 04884239000.

### കഴിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഭക്ഷണം മരുന്നിനെ ബാധിക്കില്ല . മദ്യപാനവും പുകവലിയും ഒഴിവാക്കണം. നിർദ്ദേശിച്ച അളവിൽ മാത്രം മരുന്ന് കഴിക്കുക. പ്രമേഹം ഉള്ളവരിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് കൂടുതൽ ശ്രദ്ധിക്കണം.

### മരുന്ന് സൂക്ഷിക്കേണ്ട വിധം

2 5 ഡിഗ്രിക്ക് താഴെയുള്ള താപനിലയിൽ സൂക്ഷിക്കുക.

### എത്ര കാലം മരുന്ന് കഴിക്കണം ?

ഡോക്ടർ പറയാതെ നിർത്തരുത് . ചിലപ്പോൾ കൂടുതൽ കാലം കഴിക്കേണ്ടി വന്നേക്കാം . മാനസിക പ്രശ്നങ്ങൾ വീണ്ടും വരാതിരിക്കാൻ നീണ്ട കാലം കഴിക്കുന്നവരുണ്ട്. .ഈ മരുന്ന് കൊണ്ട് പ്രതീക്ഷിച്ച ഗുണം കിട്ടിയില്ലെങ്കിൽ അക്കാര്യം ഡോക്ടറുമായി ചർച്ച ചെയ്യുക.

### ഈ മരുന്ന് ഉപയോഗിക്കുന്നവർ ഇതിനു ' അഡിക്റ്റഡ് ' ആകുമോ ?

ഇത് വളരെ സാധാരണമായ സംശയം തന്നെയാണ് . ഈ മരുന്ന് ഉപയോഗിക്കുന്നത് വഴി ഇതിനു 'അഡിക്റ്റഡ്' ആകുവാൻ സാദ്ധ്യതയില്ല എന്നത് ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. എങ്കിലും ഈ മരുന്ന് നിർത്തുന്നത് ഡോക്ടറുടെ ഉപദേശ പ്രകാരം ഡോസ് ക്രമേണ കുറച്ചു തന്നെയായിരിക്കണം .

### ഈ മരുന്ന് എനിക്ക് സ്വയം ഉപയോഗിക്കാമോ ?

വൈദ്യോപദേശ പ്രകാരം മാത്രം ഉപയോഗിക്കപ്പെടേണ്ട ഒരു ' prescription only ' മരുന്നാണ് ഇത്. ഈ മരുന്ന് ഉപയോഗിക്കുന്നതിന്റെ ഔചിത്യം, യുക്തി, ശാരീരികമാനസിക ഫലങ്ങൾ പാർശ്വഫലങ്ങൾ എന്നിവ വിശദമായി വിലയിരുത്തി മാത്രമായിരിക്കും ഡോക്ടർ ഇത് നിർദ്ദേശിക്കുന്നത് .

© Institute for Mind and Brain (Inmind), Thrissur: 04884239000.